**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണവകുപ്പ് പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2005-2006 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-18(1) –ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 1156 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:17/04/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 21-05-2014 ലെ M3.15343/14 നമ്പർ കത്ത്.

2)ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 10-02-2015 ലെ L.F 10863/PT2/2014 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-18(1) പ്രകാരം 98,396/-രൂപ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതിയുടെ 30.01.2009 ലെ IX (13) തീരുമാനം,ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 28-01-2014 ലെ 14:ാ നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും,ജി.ഒ(ആർ) നം 2629/12/ത.സ്വ.ഭ.വ തീയതി 18.09.2012 ലെ ഉത്തരവു പ്രകാരം ഇതേ വിഷയത്തിൽ സർക്കാർ സാധൂകരണം ആവശ്യപ്പെട്ട 9 ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തികൾക്ക് ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകിയിട്ടുണ്ട് എന്നത് പരിഗണിച്ചും മേൽ ഖണ്ഡികയിലെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-18(1) പ്രകാരം തടസ്സപ്പെടുത്തിയ 98,396/-(തൊണ്ണൂറ്റെട്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം)രൂപയുടെ ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
സെക്രട്ടറി,പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ